ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**എ.സി.ഡി./എസ്.പി.സി (1)/25946/എച്ച്.എസ്.ഇ/11 തീയതി: 25/10/2011**

# സർക്കുലർ

വിഷയം : ഹയർ സെക്കന്ററി വിദ്യാഭ്യാസം – 2011-12സ്കൂൾ വർഷത്തെ മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ് പദ്ധതി – സംബന്ധിച്ച്

സംസ്ഥാന സർക്കാരിന്റെ സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കൂടുംബങ്ങളിലെ മിടുക്കരായ വിദ്യാർത്ഥികൾക്കായി 5 കോടി രൂപയുടെ പതിനായിരം സ്കോളർഷിപ്പുകൾ നൽകുന്ന പദ്ധതി 2007–08 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. 2011-2012 സാമ്പത്തിക വർഷത്തിലും ഈ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഹയർ സെക്കന്ററി മേഖലയിലെ പതിനായിരം സ്കോളർഷിപ്പുകളിൽ ആയിരം സ്കോളർഷിപ്പുകൾ വൊക്കേഷണൽ ഹയർ സെക്കന്ററിക്കും ഒൻപതിനായിരം സ്കോളർഷിപ്പുകൾ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കുമാണ് നൽകുന്നത്. വർഷത്തിൽ 5000 രൂപാ വീതം പഠന സഹായം നൽകുന്ന ഈ സ്കോളർഷിപ്പിൽ 7600 എണ്ണം ജനറൽ കാറ്റഗറിയിലും 1200 എണ്ണം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനും, 200 എണ്ണം കലാകായിക രംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും, വ്യത്യസ്ത ശാരീരിക കഴിവ് ഉള്ളവർക്കും (differently abled) നൽകി വരുന്നു.

പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്ക് തുല്യമായാണ് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നത്. ഒന്നാം വർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥിക്കാണ് രണ്ടാം വർഷവും സ്കോളർഷിപ്പിന് അർഹത. എന്നാൽ ഇവർ XI -ാം ക്ലാസ്സിലെ വർഷാന്ത്യപരീക്ഷയിലോ ഇംപ്രൂവ്മെന്റ് പരീക്ഷയിലോ എല്ലാ വിഷയങ്ങൾക്കും തിയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനം ഹാജരും കരസ്ഥമാക്കിയിരിക്കണം. എന്നാൽ അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്യുന്നതിനായി യോഗ്യതാ മാനദണ്ഡത്തിൽ സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ഒന്നാം വർഷം സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥി രണ്ടാം വർഷം യോഗ്യത ഇല്ലാതെ വരികയോ (XI -ാം ക്ലാസ്സിലെ വർഷാന്ത്യ പരീക്ഷ /ഇംപ്രൂവ്മെന്റ് പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും തിയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനം ഹാജരും) രണ്ടാം വർഷം പഠനം നിർത്തി പോവുകയോ ചെയ്താൽ കഴിഞ്ഞ വർഷം തയ്യാറാക്കിയ പ്ലസ് വൺ വിദ്യാർത്ഥികളുടെ മുൻഗണന പട്ടികയിൽ സ്കോളർഷിപ്പ് ലഭിക്കാത്ത ഏറ്റവും ഉയർന്ന

സ്ഥാനത്ത് ഉള്ളതും ഇപ്പോൾ രണ്ടാം വർഷം പഠിക്കുന്നതും സ്കോളർഷിപ്പ് ഗൈഡ് ലൈൻസിൽ നിഷ്കർഷിക്കുന്നത് പ്രകാരം യോഗ്യതയുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകാവുന്നതാണ്.

ഓരോ സ്കൂളിനും XI ഉം XII ഉം ക്ലാസ്സുകളിലേക്ക് അനുവദിച്ച സ്കോളർഷിപ്പുകളുടെ എണ്ണം സ്കോളർഷിപ്പുകളുടെ വിതരണ പട്ടികയിൽ നോക്കി പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതാണ്

**ഈ വർഷം ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ച ഗവൺമെന്റ്/എയിഡഡ് സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാരിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നമുറക്ക് പ്രസ്തുത സ്കൂളുകളെ സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.**

## അപേക്ഷകർ:-

### ജനറൽ കാറ്റഗറി:

അപേക്ഷകർ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളായിരിക്കണം. എസ്.എസ്.എൽ. സി അല്ലെങ്കിൽ തുല്യ പരീക്ഷയിലെ ഗ്രേഡ്/ മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം അർഹരായ പ്ലസ്വൺ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കേണ്ടത്. സ്കൂൾ തല കമ്മറ്റി കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ ഏറ്റവും യോഗ്യരായ വിദ്യാർത്ഥികൾക്കായിരിക്കണം സ്കോളർഷിപ്പ് നൽകേണ്ടത്. ജനറൽ കാറ്റഗറിലേക്ക് പരിഗണിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരോ കാലാകായിക മത്സരങ്ങളിൽ മികവ് പുലർത്തിയവരോ വ്യത്യസ്തമായ ശാരീരിക കഴിവുകൾ ഉള്ളവരോ (അംഗവൈകല്യം മുതലായ) ആയിരുന്നാലും ഗ്രേഡ്/മാർക്കിന്റെ അടിസ്ഥാനത്തിൽ ഏറ്റവും യോഗ്യരാണെങ്കിൽ അവരെ പരിഗണിക്കേണ്ടതാണ്. സംസ്ഥാന സർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ബി.പി.എൽ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ സർക്കാരിന്റെ മെരിറ്റ് സ്കോളർഷിപ്പ് ലഭിച്ചുകൊണ്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥികളെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനായി നീക്കിവച്ചിരിക്കുന്ന സ്കോളർഷിപ്പുകളിലേക്ക് പരിഗണിക്കേണ്ടതാണ്.

### പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം

അപേക്ഷകർ ദാരിദ്ര്യരേഖക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളായിരിക്കണം. എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യ പരീക്ഷയിലെ ഗ്രേഡ്/മാർക്കുകളുടെ അടിസ്ഥാനത്തിലായിരിക്കണം അർഹരായ പ്ലസ്വൺ വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കേണ്ടത്. മറ്റ് സ്കോളർഷിപ്പുകളും ഗ്രാന്റുകളും ലഭിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിന് അർഹരാണ്.

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ അപേക്ഷകൾ **ഫോറം നമ്പർ 4 ൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്തിലേക്ക് 2011 നവംബർ 20– ന് മുൻപ് അയച്ചു കൊടുക്കേണ്ടതാണ്. യാതൊരു കാരണവശാലും ഇത് ഡയറക്ടറേറ്റിലേക്ക് അയക്കേണ്ടതില്ല.**

**<u>കലാകായിക മത്സരങ്ങളിൽ മികവ് തെളിയിച്ചവർ</u>**

കലാകായിക മത്സരങ്ങളിൽ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ മികവ് തെളിയിച്ചിട്ടുള്ളവരും ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടവരുമായ ഒന്നാം വർഷ വിദ്യാർത്ഥികളായിരിക്കണം അപേക്ഷകർ.

**<u>വ്യത്യസ്ഥ ശാരീരിക കഴിവുകളുള്ളവർ</u>**

ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം. അംഗീകൃത മെഡിക്കൽ ബോർഡിൽ നിന്നും 40 ശതമാനത്തിൽ കുറയാത്ത അംഗവൈകല്യമുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണം.

കലാകായിക മത്സരങ്ങളിൽ കഴിവ് തെളിയിച്ചവർ/വ്യത്യസ്ഥമായ ശാരീരിക കഴിവ് ഉള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പട്ടിക മുൻഗണനാ ക്രമത്തിൽ ഫാറം നമ്പർ 5–ൽ പ്രത്യേകം പ്രത്യേകം തയ്യാറാക്കി **2011 നവംബർ 20–ന് മുമ്പ് ഹയർ സെക്കന്ററി അക്കാദമിക് ജോയിന്റ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്.**

**<u>പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ടത്</u>**

1. സ്കോളർഷിപ്പ് തുകയുടെ അലോട്ട്മെന്റ് കിട്ടി രണ്ടു ദിവസത്തിനകം ട്രഷറിയിൽ നിന്ന് തുക മാറി അർഹരായ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. അനുവദിച്ച തുക ഒന്നും തന്നെ ലാപ്സാകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. 2011 ഡിസംബർ 31 ന് മുൻപ് അലോട്ട്മെന്റ് ലെറ്റർ സ്കൂൾ പ്രിൻസിപ്പലിന് കിട്ടിയില്ലെങ്കിൽ ഡയറക്ടറേറ്റിലെ അക്കാദമിക് സെക്ഷനിലോ **0471 2323198** എന്ന ടെലിഫോൺ നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.
2. XI–ാം ക്ലാസ്സിൽ സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് തുടർന്ന് XII–ാം ക്ലാസ്സിലും സ്കോളർഷിപ്പ് ലഭിക്കണമെങ്കിൽ അവർ 11–ാം ക്ലാസ്സിലെ വർഷാന്ത്യപരീക്ഷയിലോ ഇംപ്രൂവ്മെന്റ് പരീക്ഷയിലോ എല്ലാ വിഷയങ്ങളിലേയും തിയറി പേപ്പറിന് 30 ശതമാനത്തിൽ കുറയാത്ത സ്കോറും 70 ശതമാനത്തിൽ കുറയാത്ത ഹാജരും കരസ്ഥമാക്കിയിരിക്കണം. ഈ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടർന്നു ലഭിക്കാൻ വീണ്ടും അപേക്ഷ നൽകേണ്ടതില്ല. എന്നാൽ

ഇവരുടെ **പുതുക്കൽ അപേക്ഷ** ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫോമിൽ രേഖപ്പെടുത്തി ജനറൽ കാറ്റഗറിയിലേതും കലാകായിക രംഗത്തേയും വ്യത്യസ്ഥ ശാരീരിക കഴിവുള്ള വിഭാഗത്തിലേയും ഹയർ സെക്കന്ററി അക്കാദമിക് ജോയിന്റ് ഡയറക്ടർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റേത് ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും **20/11/2011** ന് മുമ്പ് അയച്ചു കൊടുക്കേണ്ടതാണ്.

3. സ്കോളർഷിപ്പ് തുക വിതരണം ചെയ്തതിന്റെ അക്ക്യുറ്റൻസ് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആവശ്യപ്പെടുമ്പോൾ ഇവ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.
4. ജനറൽ കാറ്റഗറിയിൽ സ്കോളർഷിപ്പിന് അർഹരായ കുട്ടികളെ മറ്റ് വിഭാഗങ്ങളിലേക്കുള്ള സ്കോളർഷിപ്പിന് പരിഗണിക്കരുത്. യാതൊരു കാരണാവശാലും ഇവരുടെ പേര് വിവരങ്ങൾ ഫോറം നമ്പർ 4 ൽ ജില്ലാ പഞ്ചായത്തിലേക്കോ ഫോറം നമ്പർ 5 ൽ ഹയർ സെക്കന്ററി ഡയറക്ടറിലേക്കോ അയക്കേണ്ടതില്ല. അതുപോലെ ഒരു കാറ്റഗറിയിൽ ഉൾപ്പെടുത്തിയ വിദ്യാർത്ഥിയെ മറ്റൊരു കാറ്റഗറിയിലേക്ക് ശുപാർശ ചെയ്യരുത്.
5. കലാകായിക രംഗങ്ങളിൽ മികവ് പുലർത്തുന്നവരുടേയും ശരീരിക വൈകല്യമുള്ളവുരടേയും അപേക്ഷകൾ സൂഷ്മപരിശോധനയ്ക്ക് ശേഷം മെരിറ്റിന്റെ മുൻഗണനാ ക്രമം അനുസരിച്ച് ഫോറം നമ്പർ 5 ൽ പ്രത്യേകം പ്രത്യേകം ലിസ്റ്റുകളാക്കി ജോയിന്റ് ഡയറക്ടർ (അക്കാദമിക്) ന്റെ പേരിൽ അയക്കേണ്ടതാണ്.
6. ജനറൽ വിഭാഗത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പേര് വിവരം അടങ്ങിയ പട്ടിക ട്രഷറിയിൽ അവാർഡ് തുക മാറുന്നതിനായി ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
7. അപേക്ഷകരായ വിദ്യാർത്ഥികൾ പൂരിപ്പിച്ചു നൽകേണ്ടേ അപേക്ഷാഫാറം നമ്പർ ഒന്നിന്റെ പകർപ്പ് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്.
8. സ്കോളർഷിപ്പ് പദ്ധതിയെകുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകേണ്ടതും സ്കോളർഷിപ്പുകൾ ഒന്നും തന്നെ പാഴായി പോകുന്നില്ല എന്നും പ്രിൻസിപ്പൽമാർ ഉറപ്പു വരുത്തേണ്ടതാണ്.
9. അലോട്ടമെന്റ് ലഭിച്ച ശേഷം ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും വിദ്യാർത്ഥിയെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായാൽ ഉടൻ തന്നെ ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് അലോട്ട്മെന്റ് പുതുക്കി വാങ്ങേണ്ടതാണ്.
10. രണ്ടാം വർഷം സ്കോളർഷിപ്പിന് പട്ടികജാതി/പട്ടികവർഗ്ഗ, കലാകായിക ശാരീരിക വൈകല്യം എന്നീ വിഭാഗത്തിൽപ്പെടുന്ന അർഹരായ വിദ്യാർത്ഥികളുടെ പട്ടികയും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും **അപേക്ഷ പുതുക്കുന്നതിനുള്ള ഫോറത്തിൽ യഥാ ക്രമം ജില്ലാ പഞ്ചായത്തിനും ഡയറക്ടറേറ്റിനും 20/11/2011 ന് മുമ്പായി ലഭ്യമാക്കേണ്ടതാണ്.**

11. ഓരോസ്കൂളിനും അനുവദിച്ച ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും സ്കോളർഷിപ്പുകളുടെ എണ്ണം പട്ടികനോക്കി ഉറപ്പാക്കേണ്ടതാണ്.

**<u>സമയക്രമം</u>**

| | |
|---|---|
| 1. വിദ്യാർത്ഥികളിൽ നിന്നുംഅപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി | : 10/11/2011 |
| 2. സെലക്ഷൻ കമ്മറ്റികൂടി അർഹരായ വിദ്യാർത്ഥികളെ കണ്ടെത്തേണ്ട അവസാന തീയതി : | : 15/11/2011 |
| 3. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്തിലേക്ക് അയക്കേണ്ട അവസാന തീയതി | : 20/11/2011 |
| 4. കലാകായിക രംഗങ്ങളിലെയും ശരീരിക വൈകല്യ ഉള്ളവരുടെയും അപേക്ഷ ഡയറക്ടറേറ്റിലേക്ക് അയക്കേണ്ട അവസാന തീയതി | : 20/11/2011 |

സ്കോളർഷിപ്പ് പദ്ധതിയുടെ വിശദ വിവരങ്ങൾ സ്കൂളിലെ നോട്ടസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

**ഡയറക്ടർ**

പകർപ്പ് :

1. എല്ലാ ഗവൺമെന്റ്/എയിഡഡ് സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. ഹയർ സെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ
3. ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ
4. ഡയറക്ടറുടെ പി.എ
5. ഫൈനാൻസ് ഓഫീസർ (പി.എ)
6. ജോയിന്റ് ഡയറക്ടർ (അക്കാദമിക്)
7. കരുതൽ ഫയൽ/ അധികം